"ഭരണഭാഷ - മാതൃഭാഷ"

നം. SJD/KNR/DSJO/57/2023-D

ജില്ലാ സാമൂഹ്യനീതിഓഫീസറുടെ
കാര്യാലയം, കണ്ണൂർ -670002
ഫോൺ നം:0497 2997811, 8281999015
ഇമെയിൽ : dswoknrswd@gmail.com
തീയതി : 21/08/2025

ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
കണ്ണൂർ.

ഡയറക്ടർ ഓഫ് സ്റ്റുഡന്റ് സർവീസസ്
കണ്ണൂർ യൂണിവേഴ്സിറ്റി,
കണ്ണൂർ.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - ജില്ലാ സാമൂഹ്യനീതി ഓഫീസ് കണ്ണൂർ - DRUG FREE KANNUR നശാ മുക്ത് ഭാരത് അഭിയാൻ (NMBA) പദ്ധതിയുടെ ഭാഗമായി - **കണ്ണൂർ യൂണിവേഴ്സിറ്റിയുടെ** പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ കോളേജുകളിൽ **ഓൺലൈൻ മാസ്സ് പ്രതിജ്ഞയെടുക്കുന്നത്** - അറിയിപ്പ് നൽകുന്നത് സംബന്ധിച്ച്.

സൂചന : സാമൂഹ്യ നീതി ഡയറക്ടറുടെ 05/08/2025 തീയ്യതിയിലെ SJD/2983/2020-G5 നം.കത്ത്

മേൽ സൂചന ശ്രദ്ധിച്ചാലും, DRUG FREE KANNUR CAMPAIGN, **നശാ മുക്ത് ഭാരത് അഭിയാൻ (NMBA) പദ്ധതിയുടെ അഞ്ചാം വാർഷികത്തിന്റെ** ഭാഗമായി **ലഹരി വിമുക്ത** പരിപാടി **ആഗസ്റ്റ് 13 ന ഡൽഹിയിൽ** നടന്നു കഴിഞ്ഞു. ആയതിന്റെ ഭാഗമായി **2025 ആഗസ്റ്റ് 1 മുതൽ 31 വരെ "ലഹരി മുക്ത കണ്ണൂർ"** എന്ന ആപ്ത വാക്യവുമായി **കണ്ണൂർ യൂണിവേഴ്സിറ്റിയുടെ** പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ കോളേജുകളിലും **ലഹരിക്കെതിരെ ഓൺലൈൻ മാസ്സ് പ്രതിജ്ഞ (മാസ്സ് പ്ലഡ്ജ്)** നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട് ആയതിനാൽ **കണ്ണൂർ യൂണിവേഴ്സിറ്റിയുടെ** പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ കോളേജുകൾക്കും **ഓൺലൈൻ മാസ്സ് പ്രതിജ്ഞയെടുക്കാൻ** അറിയിപ്പ് നൽകണമെന്നും, ഏറ്റവും കൂടുതൽ വിദ്യാർഥികളെയും അധ്യാപകരെയും പങ്കെടുപ്പിക്കുന്ന കോളെജിനു ജില്ല സാമൂഹ്യ നീതി വകുപ്പ് മുഖേന സമ്മാനം കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ ആൾക്കാരെ **"ഓൺലൈൻ പ്രതിജ്ഞയിൽ"** പങ്കെടുപ്പിക്കുന്ന **മൂന്നു ജില്ലകൾക്ക് പ്രധാന മന്ത്രി പുരസ്കാരം** ഏർപ്പെടുത്തിയ വിവരവും അറിവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ കോളേജുകളിൽ നിന്നും പരമാവധി പങ്കാളിത്തം **മാസ്സ് പ്ലഡ്ജിൽ** ഉണ്ടാകാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദമായ വിവരങ്ങൾ വാട്ട്സാപ്പ് മെസ്സേജു വഴി ലഭ്യമാക്കുന്നതാണ്. **കൂടുതൽ വിവരങ്ങൾക്ക് നശാ മുക്ത് ഭാരത് അഭിയാൻ (NMBA) ജില്ലാ കോഡിനേറ്ററെ 8075629334 ഈ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.**

**ഓൺലൈൻ ലിങ്ക് :** https://www.nmba.dosje.gov.in/content/take-a-pledge

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
കണ്ണൂർ

സാമൂഹ്യ നീതി ആഫീസറുടെ
കണ്ണൂർ - 670002